**ജനസേവനകേന്ദ്രം/അന്വേഷണവിഭാഗം**

തിരുവനന്തപുരം നഗരസഭ പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിനായി കമ്പ്യൂട്ടർവൽക്കരിച്ച കൗണ്ടറുകൾ ക്രോഡീകരിച്ച് ജനസേവനകേന്ദ്രം/അന്വേഷണ വിഭാഗം പ്രവർത്തിക്കുന്നു.. നഗരസഭ പ്രാധാനകാര്യാലയത്തിന്റെ താഴത്തെ നിലയിൽ മുൻവശത്ത് വലതു ഭാഗത്തായി ജനസേവന കേന്ദ്രവും സുതാര്യ ഇൻഫർമേഷൻ സെന്ററും പ്രവർത്തിക്കുന്നു.

**ലഭ്യമാകുന്ന സേവനങ്ങൾ**

1) പൊതുജനങ്ങൾക്കാവശ്യമായ നഗരസഭാ സംബന്ധമായ വിവരങ്ങൾ നൽകുന്നു.
2) വിവിധ അപേക്ഷാ ഫോറങ്ങളുടെ വിൽപ്പന.
3) പൊതുജനങ്ങളിൽ നിന്നുള്ള എല്ലാ അപേക്ഷകളും തപാലുകളും സ്വീകരിച്ച് കൈപ്പറ്റ് രസീത് നൽകുന്നു.
4) നഗരസഭയിൽ ഒടുക്കേണ്ട എല്ലാ തുകകളും ചെക്കുകളും (നികുതികൾ, വാടക, ലൈസൻസ് ഫീ, വിവിധ സേവനങ്ങൾക്കുള്ള ഫീസ് മുതലായവ) സ്വീകരിക്കുന്നു.
5) ജനന മരണ സർട്ടിഫിക്കറ്റുകളുടെയും വിവാഹ സർട്ടിഫിക്കറ്റിന്റെയും അപേക്ഷകളും സ്വീകരിക്കുകയും ടി സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്യുന്നു.

**എൻക്വയറി കൗണ്ടർ മുഖേന വിതരണം ചെയ്യുന്ന ഫാറങ്ങളും അവയുടെ വില വിവരവും**

| | |
|---|---|
| എഗ്രിമെന്റ് ബുക്ക് | 80 രൂപ |
| ബിൾഡിംഗ് പെർമിറ്റ് | 11 രൂപ |
| റെഗുലററൈസേഷൻ | 11 രൂപ |
| ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള | 11 രൂപ |
| ഡി.ആന്റ്.ഒ ലൈസൻസ് ഫോം | 11 രൂപ |
| പി.എഫ്.എ. ലൈസൻസ് ഫോം | 2.50 രൂപ |
| സിനിമ റെഗുലേഷൻ | 5.50 രൂപ |
| ഇൻസ്റ്റലേഷൻ മോട്ടോർ | 2.50 രൂപ |
| പി.പി.ആർ | 2.50 രൂപ |
| ബർത്ത് സർട്ടിഫിക്കറ്റ് | 2.00 രൂപ |
| ഡെത്ത് സർട്ടിഫിക്കറ്റ് | 1.00 രൂപ |
| റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് | 1.00 രൂപ |
| കെട്ടിട നികുതി ചുമത്തുന്നതിലേക്കുള്ള അപേക്ഷ | 1.00 രൂപ |
| മാര്യേജ് സർട്ടിഫിക്കറ്റ് | 1.00 രൂപ |
| കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫോറം | സൗജന്യം |